# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 285** — **06.01.2014 -ലെ മറുപടിക്ക്**

## കണ്ണൂർ ജില്ലയിലെ ക്വട്ടേഷൻ സംഘങ്ങൾക്കെതിരെ നടപടി

| ചോദ്യം<br>ശ്രീ. റ്റി.വി. രാജേഷ് | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|
| (എ) കണ്ണൂർ ജില്ലയിൽ ബ്ലേഡ്-ക്വട്ടേഷൻ സംഘങ്ങളും പോലീസ് ഉദ്യോഗസ്ഥന്മാരും കോൺഗ്രസ് നേതാവിന്റെ സംരക്ഷണത്തിൽ പ്രവർത്തിക്കുന്നു എന്ന ആക്ഷേപം ഉന്നയിച്ചുകൊണ്ട് ക്വട്ടേഷൻ സംഘത്തിന്റെ ക്രൂരമർദ്ദനത്തിനിരയായ ശ്രീ. കെ. നാരായണൻ പോലീസിന് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പരാതിയിലും അത് സംബന്ധിച്ച് പുറത്തുവന്ന വാർത്തയിലും ഉന്നയിക്കപ്പെട്ട കാര്യങ്ങൾ സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര കേസുകൾ ആർക്കെല്ലാം എതിരെ എടുത്തിട്ടുണ്ട്; ഏതെല്ലാം വകുപ്പുകൾ പ്രകാരം; വിശദമാക്കുമോ; | (എ) കെ. നാരായണൻ എന്നയാൾ ക്വട്ടേഷൻ സംഘത്തിന്റെ മർദ്ദനത്തിന് ഇരയായി എന്ന് ആരോപിച്ചുകൊണ്ട് ഒരു പരാതി ലഭിച്ചിട്ടുണ്ട്. ടി പരാതിയിന്മേൽ അന്വേഷണം നടത്തി വരികയാണ്. പ്രതികളായി (1) അപരിചിതനായ ഒരാൾ (2) രജീഷ് ദാസ് (3) രജിൽ ദാസ് (4) ദീപാങ്കുരൻ (5) സൂര്യദാസ് (6) ശ്യാം സുന്ദർ (7) മുനീർ (8) ഗോവിന്ദൻകുട്ടി (9) വിനോദ് (10) കൃത്രിമ കൈയ്യുള്ള 30 വയസ്സുള്ള ഒരാൾ എന്നിവരെ ഉൾപ്പെടുത്തി കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1596/2011 യു/എസ് 364(എ), 347, 323, 506(1), r/w 34 IPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ക്വട്ടേഷൻ സംഘം ക്യാമ്പ് നടത്തിയ സ്ഥലത്തേയും ക്യാമ്പിൽ പങ്കെടുത്തവരെയും ഇതിന് നേതൃത്വം നൽകിയവരെയുമെല്ലാം അന്വേഷണത്തിന്റെ ഭാഗമായി പുറത്ത് കൊണ്ടുവരാൻ സാധ്യമായിട്ടുണ്ടോ; വിശദമാക്കാമോ?. | (ബി) പ്രസ്തുത കേസിന്മേൽ ഊർജ്ജിത അന്വേഷണം നടന്നുവരികയാണ്. അന്വേഷണം പൂർത്തിയായാൽ മാത്രമേ മറ്റു വിവരങ്ങൾ വെളിവാകുകയുള്ളൂ. |

Josephith

സെക്ഷൻ ഓഫീസർ